**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 269** **22-02-2022 - ൽ മറുപടിയ്ക്ക്**

**പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ചതും നടന്നു വരുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണ് ; | (എ) | പരിയാരം സർക്കാർ ആയുർവേദ കോളേജ് ആശുപത്രിയിലെ അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട ഭരണാനുമതി ലഭിച്ചതും നടന്നുവരുന്നതുമായ പ്രവർത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കോളേജിൽ പുതിയ പി.ജി.കോഴ്സ് ആരംഭിച്ചതും നിലവിലുള്ള ബാച്ചുകളിൽ കുട്ടികളുടെ വർദ്ധനവും കണക്കിലെടുത്ത് പുതിയ അക്കാദമിക്ക് ബ്ലോക്ക് നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (ബി) | അക്കാദമിക് ബ്ലോക്ക് നിർമാണത്തിന് പി.ഡബ്ല്യു.ഡി സമർപ്പിച്ച 87 കോടി രൂപയുടെ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ബഡ്ജറ്റിൽ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി നബാർഡ് മുഖേന ധനസഹായം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ഒറിജിനൽ പ്ലാനിൽ മാറ്റം വരുത്തി വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (DPR) സമർപ്പിക്കുമെന്ന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | പ്രവർത്തിയുടെ പേര് | ഭരണാനുമതി | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | പുതിയ ലേഡീസ് ഹോസ്റ്റൽ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ | 2 കോടി | സിവിൽ ഇലക്ട്രിക്കൽ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | പുതിയ ലേഡീസ് ഹോസ്റ്റൽ കെട്ടിടത്തിന്റെ ഒന്നാം നില നിർമ്മാണം | 2 കോടി | 2021-22 വർഷം ഭരണാനുമതി ലഭിച്ച പ്രവർത്തി ചെയ്യുവാൻ പി ഡബ്ല്യു.ഡി –ക്ക് നിർദേശം നൽകിട്ടുണ്ട് |
| 3 | ആശുപത്രി ഒ പി ബ്ലോക്കിന്റെ മുകളിൽ പേ വാർഡ് കെട്ടിട നിർമ്മാണം | 1.92 കോടി | പി.ഡബ്ല്യു.ഡി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| 4 | സെൻട്രൽ റിസർച്ച് ലാബ് | 58.60 ലക്ഷം | ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക പി ഡബ്ല്യു. ഡി – ക്ക് അടച്ചിരുന്നു. പ്രസ്തുത ലാബിന്റെ നിർമാണ സൈറ്റ് മാറ്റിയത് കാരണം പുതുക്കിയ എസ്റ്റിമേറ്റിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭിച്ചിട്ടില്ല. |
| 5 | സി ബ്ലോക്കിന് മുകളിൽ ട്രസ് റൂഫ് സ്ഥാപിക്കൽ | 30 ലക്ഷം | സിവിൽ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് . ഇലക്ട്രിക്കൽ ഇലക്ട്രോണിക്ക് പ്രവർത്തികൾ പൂർത്തീകരിക്കാനുണ്ട്. |
| 6 | അനിമൽഹൗസ് കെട്ടിട നിർമ്മാണം | 26 ലക്ഷം | എസ്റ്റിമേറ്റ് പ്രകാരമുള്ള തുക പി ഡബ്ല്യു. ഡി – ക്ക് അടച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പി.ഡബ്ല്യു. ഡി സ്വീകരിച്ച വരുന്നു |
| 7 | കോളേജിലെ തകരാറിലായ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ | 10.60 ലക്ഷം | എസ്റ്റിമേറ്റ് തുക പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിഭാഗത്തിന് അടച്ചിട്ടുണ്ട്. പ്രവർത്തിക്കുള്ള ടെൻഡർ നടപടി സ്വീകരിച്ച വരുന്നു |

| | | | |
|---|---|---|---|
| 8 | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ലാൻ സംവിധാനത്തോട് കൂടിയ ഇന്റർകോം സ്ഥാപിക്കൽ | 5.80 ലക്ഷം | എസ്റ്റിമേറ്റ് തുക പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് വിഭാഗത്തിനു അടച്ചിട്ടുണ്ട്. ടെൻഡർ നടപടി സ്വീകരിച്ചു വരുന്നു |
| 9 | എ,ബി,സി ബ്ലോക്ക് കെട്ടിടങ്ങളുടെ പ്ലംബിംഗ്, സാനിറ്ററി തകരാറുകൾ പരിഹരിക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ | 3 ലക്ഷം | എസ്റ്റിമേറ്റ് പ്രകാരമുള്ള തുക പി. ഡബ്ല്യു.ഡി – ക്ക് അടച്ചിട്ടുണ്ട്. ടെൻഡർ നടപടി സ്വീകരിച്ചു വരുന്നു |
| 10 | ലാസ്റ്റ് ഗ്രേഡ് ക്വാർട്ടേഴ്സ് റോഡ് നിർമ്മിക്കൽ | 2.37 ലക്ഷം | തുക പി.ഡബ്ല്യു.ഡി ക്ക് അടച്ചിട്ടുണ്ട്. ടെൻഡർ നടപടി സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ